ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"ആത്മീയ അനുഭവങ്ങൾ"
(തിരുവചന ചിന്തകൾ)

OCT
2024

CONTENTS

- **തിരുവചന ചിന്തകൾ :**
  "ആത്മീയ അനുഭവങ്ങൾ " Page - 03

- **നല്ല രക്ഷകൻ (സ്തോത്രഗീതം)** Page - 13

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 14

ആത്മീയ അനുഭവങ്ങൾ

(തിരുവചന ചിന്തകൾ)

സുവിശേഷം പ്രസംഗിക്കുവാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പരപ്രേരണകൾ കൂടാതെതന്നെ ദൈവത്തെ സ്തുതിക്കുവാൻ / നന്ദിപറയുവാൻ നമുക്കു കഴിയുന്നതുപോലെ, നമ്മെ സ്നേഹിക്കുന്ന നമ്മുടെ സ്വർഗീയപിതാവിനെ മറ്റുള്ളവർക്കുമുൻപിൽ സാക്ഷ്യപ്പെടുത്തുവാൻ പുറമെനിന്നുള്ള ശക്തികളല്ല പ്രത്യുത നമ്മുടെ അകത്തുവസിക്കുന്ന, നമ്മെ നിത്യവും സത്യത്തിൽ നടത്തുന്ന ദൈവാത്മാവിന്റെ ശക്തിയാണ് ആവശ്യമായിട്ടുള്ളത്.

കൊലൊസ്സ്യർ 1 : 25 - 29
25 നിങ്ങൾക്കു വേണ്ടി ദൈവം എനിക്കു നല്കിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിന്നു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു.
26 അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു.
27 അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.
28 അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു.
29 അതിന്നായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം പോരാടിക്കൊണ്ടു അദ്ധ്വാനിക്കുന്നു.

യേശുക്രിസ്തുവിനെക്കുറിച്ചുള്ള സത്യസുവിശേഷം ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത് തിരുവചനത്തിലൂടെയാണ്. ആ തിരുവചനത്തിൽ വിശ്വസിക്കുകയും ആ വചന സത്യങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ ദൈവം തന്നെക്കുറിച്ചുള്ള ജ്ഞാനത്താലും വെളിപ്പാടിനാലും നമ്മെ അനുദിനം നടത്തും.

ഇന്നും ക്രിസ്തീയ ജീവിതത്തെ മതചിന്തയോടുമാത്രം ഇണചേർത്തുകൊണ്ടു സമീപിക്കുന്നവരുണ്ട്. അവർ ഒരിക്കലും അക്രൈസ്തവരല്ല, ക്രിസ്തീയ വിശ്വാസത്തിൽ നിൽക്കുന്നവർതന്നെയാണ്. അപ്രകാരം, മതചിന്തയിൽ 'വിശ്വാസം' തുടരുന്ന ഒരു ജനത്തിന്റെ മനസാന്തരമാണ് ഇന്ന് നമുക്കിടയിൽ ആവശ്യമായിരിക്കുന്നത്. ഇത്തരം 'ചിന്തകർ' തങ്ങളുടെ പാരമ്പര്യത്തെയോ വിശ്വാസക്രമങ്ങളെയോ ആരാധനാരീതികളെയോ കൂട്ടായ്മയെയോ ക്രിസ്തുവിനെക്കൂടാതെ കൊണ്ടുപോകുവാൻ വെമ്പുന്നവരാണ്. എല്ലാ ക്രിസ്തീയ സഭാ-സമൂഹങ്ങളിലും ഇവർ ഉണ്ട് എന്നതാണ് വാസ്തവം. ഒരർത്ഥത്തിൽ, ആത്മീയരേക്കാളധികം എല്ലാ സഭാ-സമൂഹങ്ങളിലും ഇവരാണ് ഭൂരിഭാഗവും.

കൊലൊസ്സ്യർ 1 : 25 - 29
6 ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ
കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ;
7 അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്കു
ഉപദേശിച്ചുതന്നതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും
സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ.
8 തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ടു ആരും നിങ്ങളെ
കവർന്നുകളായതിരിപ്പാൻ സൂക്ഷിപ്പിൻ; അതു മനുഷ്യരുടെ
സമ്പ്രദായത്തിന്നു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യ പാഠങ്ങൾക്കു
ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്നു ഒത്തവണ്ണമുള്ളതല്ല.
9 അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി
വസിക്കുന്നതു.

ഇങ്ങനെയുള്ളവരുടെ ആത്മനയനങ്ങൾ പ്രകാശിച്ചാൽ ഭൂമി മുഴുവനും ദൈവമഹത്വത്താൽ നിറയപ്പെടും. കാരണം, ആത്മീയ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെ അഭാവമാണല്ലോ അവരെ കേവലം മതചിന്തകരാക്കിമാറ്റിയത്. അപ്പോൾ, അത്തരം മതചിന്ത വിട്ട് ഇവർ പുറത്തുവരുവാൻ ആധ്യാത്മീകതയെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാടും ആത്മീയ അനുഭവങ്ങളും ആവശ്യമാണ്.

തിരുവചനത്തിന്റെ ആവശ്യകത ഇവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് പ്രഥമവും പ്രധാനവുമായ പ്രവൃത്തി. ആത്മീയ അനുഭവങ്ങൾ എന്താണെന്നു തിരിച്ചറിയുവാൻ തിരുവചനത്തിന്റെ സഹായവും വെളിച്ചവും നമ്മെ സഹായിക്കും.

തിരുവചനതിന്റെ ആവശ്യകത നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ അനുനിമിഷവും എത്രമാത്രം ആവശ്യമാണ് എന്നുള്ള ചിന്ത/ ബോധ്യം നമ്മെയും അവരെയും ഭരിക്കേണ്ടതാണ്.

കൊലൊസ്സ്യർ 3 : 1-2
1 ആകയാൽനിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തുദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ.
2 ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.

ദൈവവചനത്തെ മതബോധനത്തിനായി മാത്രം ഉപയോഗിക്കുന്നവർ, അവയെ വ്യക്തികളുടെ ആത്മീയ വളർച്ചയ്ക്കു ഉതകുന്ന രീതിയിൽ ഉപയോഗിച്ചാൽ മതചിന്തയ്ക്കുപകരം ആത്മ പ്രചോദിതരായി അവർ വളരുവാൻ ഇതുപകരിക്കും. ഒരു വ്യക്തി ആത്മപ്രചോദിതനായാൽ ക്രിസ്തുവിന്റെ ജീവനിൽ മാത്രമായിരിക്കും ആ വ്യക്തി വളരുന്നത്. മറ്റൊന്നിനും പകരംവയ്ക്കുവാൻ കഴിയാത്തവണ്ണം ക്രിസ്തുവിന്റെ ജീവനിൽ നിന്നുള്ള സത്യത്തിന്റെ ഒഴുക്ക് ആ വ്യക്തിയിലേക്ക് പ്രവഹിക്കുകയായി. ഈ ആത്മപ്രചോദനം ലഭിക്കുവാനും ആത്മീയ അനുഭവങ്ങൾ ലഭിച്ചേ മതിയാവൂ.

തിരുവചനത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞവർ, പ്രാർത്ഥനയിലേക്കും ദൈവാശ്രയബോധത്തിലേക്കും ദൈവാത്മാവിനാൽ തിരിയും. സഭയുടെ/കൂട്ടായ്മയുടെ ഉള്ളിലെ ഒരു 'മാനസാന്തരമായി' ഇതിനെ കണക്കാക്കാവുന്നതാണ്. ഈ മാനസാന്തരത്തിന്റെ അഭാവമാണ് 'ദൈവത്തിന്റെപേരിലുള്ള' സകല കലഹങ്ങൾക്കും കരണമായിത്തീരുന്നത്. നോക്കുക, ലക്ഷ്യബോധമില്ലാതെ ദൈവാശ്രയമില്ലാതെ നാം ആയിരിക്കുന്നുവെങ്കിൽ ഈ 'രണ്ടാം മാനസാന്തരം' നമ്മെ ക്രിസ്തുവിന്റെ ജീവനിലേക്കും ദൈവകൃപയിലേക്കും നടത്തും. ദൈവീക അനുഭവം അഥവാ ആത്മീയ അനുഭവം പ്രാർത്ഥനയുടെയും ക്രിസ്തുകേന്ദ്രീകൃതമായ കൂട്ടായ്മയുടെയും ഒപ്പം ശരിയായ വചന വ്യാഖ്യാനത്തോടും പഠനത്തോടും കൂടെ നമ്മിലേക്ക് ഒരു ഒഴുക്കായി വരികയും അത് ക്രമമായി വർദ്ധിക്കുകയും ചെയ്യുന്നു.

തിരുവചനം നാം വായിക്കുകയും അവ പഠിക്കുകയും ചെയ്യുന്നത് പരസ്പരം 'ദൈവവചനങ്ങളാൽ പോരടിക്കാനല്ല'. ഇത്തരം പോരുകൾ യഥാർത്ഥ ആത്മീയ ശോഷണത്തിലേക്കായിരിക്കും നമ്മെ കൊണ്ടെത്തിക്കുന്നത്. തിരുവചന ധ്യാനവും പഠനവും നമ്മെ ദൈവീക അനുഭവത്തിലേക്കും അനുസരണത്തിലേക്കുമാണ് നടത്തേണ്ടുന്നത്. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, മനുഷ്യർക്കു നല്കപ്പെട്ടിരിക്കുന്ന ദൈവീകവചനത്താൽ മനുഷ്യർ തമ്മിൽത്തമ്മിൽ പോരടിച്ചുകൊണ്ടിരിക്കുകയാണ്. വചനത്താൽ പ്രശംസിക്കുന്നവർ ദൈവത്തിൽമാത്രം പ്രശംസിക്കട്ടെ, പോരടിക്കാൻ തയ്യാറെടുക്കുന്നവർ സാത്താന്യശക്തികളോട് പ്രാർത്ഥനയിൽ പോരടിക്കട്ടെ!

2 പത്രോസ് 1 : 10 - 11
10 അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും
ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ.
11 ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ
കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ
നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും.

ആത്മീയ അനുഭവത്തിനായി തയ്യാറെടുപ്പുകൾ ആവശ്യമാണോ ? ആവശ്യമാണ് എന്നുതന്നെയാണ് ഉത്തരം. എന്താണ് അതിനാവശ്യമായ തയ്യാറെടുപ്പുകൾ ?

പുറമെയുള്ള (ശാരീരികമായ) എന്തെങ്കിലുമൊരു തയ്യാറെടുപ്പ് ആവശ്യമില്ലാത്ത ഈ ഒരുക്കത്തിൽ നമ്മുടെ ഹൃദയവും(മനസ്സും) ആത്മാവുമാണ് ഒരുക്കപ്പെടേണ്ടുന്നത്. ഹൃദയത്തിന്റെ ഒരുക്കമെന്നു പറയുന്നത്, ദൈവീക അനുഭവങ്ങളോടുള്ള നമ്മുടെ മനസ്സൊരുക്കമാണ്. അതായത്, നമ്മിൽ ഒരു പ്രാർത്ഥന ഹൃദയം രൂപപ്പെടേണ്ടുന്നതാകുന്നു. 'ദൈവമേ നിന്റെ ഇഷ്ടങ്ങൾക്കായി എന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു' - എന്നൊരു യാചനയോടുകൂടിയുള്ള സമർപ്പണഹൃദയത്തെയാണ് ഹൃദയത്തിലെ ഒരുക്കമായി നാം മനസ്സിലാക്കേണ്ടുന്നത്.

ഇങ്ങനെ സമർപ്പിക്കപ്പെട്ട ഹൃദയം, നിഗളമോ അഹങ്കാരഭാവമോ ദുർവാശികളാലോ മത്സരചിന്തകളാലോ കാപട്യത്താലോ സംശയത്താലോ നിറഞ്ഞവ ആയിരിക്കുകയില്ല. മറിച്ചു, താഴ്മയോടും സ്നേഹത്തോടും ദൈവത്തിനായുള്ള കാത്തിരിപ്പോടുമായിരിക്കും നിറഞ്ഞിരിക്കുക. ഈ നിറവിനെയാണ് ഒരു 'ഒരുക്കപ്പെട്ട നിലമെന്നു' നമുക്ക് വിളിക്കുവാൻ കഴിയുന്നത്. ഈ ഒരുക്കപ്പെട്ട നിലത്തിൽ വീഴുന്നതെന്തുതന്നേയായാലും അത് നൂറുമേനി ഫലം പുറപ്പെടുവിക്കും.

എല്ലാ ദൈവീക അനുഭവങ്ങളും ദൈവം നമ്മുടെ ജീവിതത്തിൽ നൽകിത്തരുന്നതും അനുവദിക്കുന്നതും നാം ഫലം കായിക്കേണ്ടുന്നതിനും സമൃദ്ധിയായി ഫലങ്ങളാൽ നിറയേണ്ടുന്നതിനും വേണ്ടിയാണ്. ഏതെങ്കിലുമൊരു ദൈവീക അനുഭവത്തിൽ ലഭിക്കുന്ന അരുളപ്പാടുകളോ വാക്കുകളോ സ്വന്ത ലാഭത്തിനായോ സ്വന്തരാജ്യം കെട്ടിപ്പടുക്കുവാനോ ഉപയോഗിക്കാനുള്ളതല്ല. കാരണം, നമ്മിൽ ലഭിക്കുന്ന സകല ദൈവീക അനുഭവങ്ങളും ദൈവത്തിന്റെ സ്വന്തവും ദൈവീക ഉദ്ദേശങ്ങൾക്കായി നല്കിയിരിക്കുന്നതുമാകയാൽ അവയെ മാനുഷിക ബുദ്ധിക്കൊത്തവണ്ണം വിനിയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അപ്രകാരം ഉപയോഗിച്ചാൽ അവയുടെ ഉത്തരവാദിത്വങ്ങളും അനന്തരഫലങ്ങളും അപ്രകാരം ഉപയോഗിച്ച വ്യക്തിയുടെമേൽ മാത്രമായിരിക്കും കടന്നുവരുന്നത്. പറഞ്ഞതിലെ സാരമെന്തെന്നാൽ, നമ്മുടെ ജീവിതത്തിൽ ദൈവം നമുക്കായി നൽകുന്ന അനുഭവങ്ങൾ പ്രാർത്ഥനാപൂർവ്വം ഉപയോഗിക്കുകയും അവയെ വ്യക്തിതാല്പര്യങ്ങൾക്കായി ഉപയോഗിക്കാതിരിക്കുകയും ചെയ്യുക എന്നതുതന്നെ.

ഒരുക്കപ്പെട്ട നിലത്തിലാണ് (ഹൃദയങ്ങളിലാണ്) ദൈവം ഇപ്പോഴും പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നത്. ഒരുക്കപ്പെട്ട നിലം കാത്തിരിപ്പിൻറെ ഉദാത്തമായ മാതൃകയാണ്. ദൈവീക അനുഭവങ്ങൾ ലഭിക്കുന്നതോടുകൂടി ആ കാത്തിരിപ്പ് അവസാനിക്കുന്നുവെന്നല്ല എന്നാൽ, യേശുക്രിസ്തുവിന്റെ പ്രത്യക്ഷതവരെ (രണ്ടാംവരവ്) ആ കാത്തിരിപ്പു നമ്മുടെ ഹൃദയങ്ങളിൽ തുടർന്നേ മതിയാവൂ.

1 കൊരിന്ത്യർ 1 : 7 - 9
7 ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു.
8 നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന്നു അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും.
9 തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ.

നമ്മുടെ ഹൃദയം ദൈവീക അനുഭവങ്ങൾക്കായി ഒരുക്കപ്പെട്ടാൽ ആ ഹൃദയങ്ങളുടെ കാവലും കരുതലും ദൈവം ഏറ്റെടുക്കും. ഒരിക്കലും നമ്മുടെ പ്രയത്നങ്ങൾ പൂർണ്ണമാകുന്നില്ല, എന്നാൽ ദൈവം നമ്മിൽ വസിക്കുമ്പോൾ നാം ക്രിസ്തുവിൽ സകലത്തിലും പൂർണ്ണരായിത്തീരുന്നു. ഇതത്രെ യഥാർത്ഥ ഉറപ്പും ശക്തിയും!
ഒരുക്കപ്പെട്ട ഹൃദയങ്ങളെ ദൈവം ഒരുനാളും ശൂന്യമായി നിറുത്തുകയില്ല. ആ ഹൃദയങ്ങൾ പ്രാർത്ഥനാ പൂർണ്ണമായി സദാ നിലകൊള്ളുന്നു.

യൂദാ 20 - 21
20 നിങ്ങളോ, പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മികവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവന്നായിട്ടു
21 നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണെക്കായി കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊൾവിൻ.

ആരാധനമദ്ധ്യേയുള്ള അന്യഭാഷാ ഭാഷണം മാത്രമാണ് ചിലരുടെയെങ്കിലും ഏക ആത്മീയ നിർവൃതിയെ പൂർണ്ണമാകുന്നത്. അത്തരം ആരാധനയിൽ വെളിപ്പെടുന്ന ഹൃദയ സുഖത്തെയോ അനുഭവത്തെയോ മാത്രം ആശ്രയിച്ചാണ് ചിലരെങ്കിലും ദൈവ സാന്നിദ്ധ്യത്തെ സ്പർശിക്കുന്നത്. എന്നാൽ, നാം മനസ്സിലാക്കേണ്ടുന്ന വസ്തുത എന്തെന്നാൽ, ആരാധനമദ്ധ്യേ വെളിപ്പെടുന്ന അഥവാ അനുഭവവേദ്യമാകുന്ന ഈ 'ചെറിയ അനുഭവങ്ങൾ' പിന്നീടുള്ള നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനയിൽ സ്ഥിരം അനുഭവമായി മാറുവാൻ ആഗ്രഹിക്കുകയാണ് ചെയ്യേണ്ടുന്നത്. അല്ലായെങ്കിൽ, എല്ലാ ഞായറാഴ്ചയിലും ഇതേ ചെറിയ അനുഭവങ്ങളിൽ നാം കുടുങ്ങിക്കിടക്കുകയും അതിൽനിന്നും ദൈവം ആഗ്രഹിക്കുന്ന നിലയിലേക്കൊരു വളർച്ചപ്രാപിക്കുവാൻ കഴിയാതെ ഒതുങ്ങിപ്പോവുകയുംചെയ്യും. ഇത്തരക്കാർ പിന്നീട് സഭയിലെ രാഷ്ട്രീയ മുഖത്തേക്കും പക്ഷം ചേരലിലേക്കും തിരിയും, ഫലമോ ആത്മീയ ശോഷണം ലഭിച്ചവരായി ഇത്തരക്കാർ മാറുകയും ലക്ഷ്യബോധമില്ലാതെ സഭകളിൽനിന്നും സഭകളിലേക്കോ പുറത്തോ കറങ്ങിനടക്കുകയും ചെയ്യും.

സദൃശ്യവാക്യങ്ങൾ 29 : 18
18 വെളിപ്പാടു ഇല്ലാത്തെടത്തു ജനം മര്യാദവിട്ടു നടക്കുന്നു; ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ.

ക്രിസ്തുവെളിപ്പടുള്ളിടത്തു ജനം ഒരുനാളും ക്രമംതെറ്റി നടക്കുകയില്ല. അവർ ഒരുനാളും ശൂന്യരായിത്തീരുകയുമില്ല. മേൽപ്പറഞ്ഞ ക്രിസ്തുവെളിപ്പാടിലേക്കു നാം എത്തിപ്പെടുവാൻ ആത്മീക അനുഭവങ്ങൾ അത്യന്താപേക്ഷിതമാണ്.

മുൻപുസൂചിപ്പിച്ചതുപോലെ ദൈവത്തോടുള്ള ബന്ധത്തിൽ സ്വയം സമർപ്പിക്കപ്പെട്ടുള്ള പ്രാർത്ഥനയിൽ ദൈവം നമ്മോടു സംസാരിച്ചുതുടങ്ങും. അതൊരുപക്ഷേ ദർശനങ്ങളായിട്ടാവാം സ്വപ്നങ്ങളിലൂടെയാവാം ആത്മീയ ചിതകളിലൂടെയോ വചനവെളിപാടുകളിലൂടെയോ ഒക്കെ ആവാം. എന്നാൽ നമുക്കു എന്ത് അനുഭവവേദ്യമാകുന്നുവോ അവയെല്ലാം വീണ്ടും വീണ്ടും ദൈവസന്നിധിയിൽവച്ചു പ്രാർത്ഥിച്ചുകൊണ്ട് ക്ഷമയോടും താഴ്മയോടും കാത്തിരുന്നാൽ ദൈവശബ്ദം നമ്മുടെ ഹൃദയത്തിലും കാതുകളിലും മുഴങ്ങുവാൻ തുടങ്ങും. എല്ലാ ദൈവീക / ആത്മീയ അനുഭവങ്ങളും ക്രിസ്തുകേന്ദ്രികൃതമായിരിക്കും.

ക്രിസ്തുവിനെക്കൂടാതെ സ്വയത്താൽ എന്തെങ്കിലും ചെയ്യുവാൻ ദൈവം ആവശ്യപ്പെടുകയോ നമ്മെ ഒരുക്കുകയോ ചെയ്യുകയില്ല. പഴയനിയമ പ്രവാചകന്മാരും നേതാക്കന്മാരും ഈ കാര്യത്തിൽ തീർച്ചവരുത്തിയിരുന്നു.

പുറപ്പാട് 33 :15
15 അവൻ അവനോടു: തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരുന്നില്ല എങ്കിൽ ഞങ്ങളെ ഇവിടെനിന്നു പുറപ്പെടുവിക്കരുതേ.

ഏറെ സുപരിചിതമായ മോശയുടെ പ്രാർത്ഥയിൽ അത് വ്യക്തമാകുന്നുണ്ട്.

പൗലോസ്, തന്റെ സുവിശേഷ യാത്രകളിലെല്ലാംതന്നെ ഇതുറപ്പാക്കിക്കൊണ്ട് സഭകളോടു സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതായി നാം വായിക്കുന്നു.

2 തിമൊഥെയൊസ് 4 : 17 - 18
17 കർത്താവോ എനിക്കു തുണനിന്നു പ്രസംഗം എന്നെക്കൊണ്ടു നിവർത്തിപ്പാനും സകല ജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചു; അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽനിന്നു രക്ഷ പ്രാപിച്ചു.
18 കർത്താവു എന്നെ സകല ദുഷ്പ്രവൃത്തിയിൽനിന്നും വിടുവിച്ചു തന്റെ സ്വർഗ്ഗീയരാജ്യത്തിന്നായി രക്ഷിക്കും; അവന്നു എന്നെന്നേക്കും മഹത്വം. ആമേൻ.

നമ്മുടെ പ്രാർത്ഥനകളിൽ മടിയോ അസ്വസ്ഥതയോ വന്നാലും അതൊരിക്കലും പ്രാർത്ഥന അവസാനിപ്പിക്കുവാനുള്ള ദൈവത്തിന്റെ അടയാളമല്ല. പ്രാർത്ഥനകൾക്ക് സമയവും ദൈർഘ്യവും നിശ്ചയിക്കുന്നത് പലപ്പോഴും നാം തന്നെയാണ്. സത്യത്തിൽ പരിശുദ്ധാത്മാവാണ് നമ്മുടെ പ്രാർത്ഥയുടെ ഘടനയെയും രീതികളെയും നിയോഗങ്ങളെയും സമയത്തെയും നിശ്ചയിക്കേണ്ടുന്നത്. അപ്പോൾ മാത്രമേ ദൈവഹിതപ്രകാരം പ്രാർത്ഥനയിൽ സമയം ചിലവഴിക്കുവാൻ നമുക്കു കഴിയുകയുള്ളു.
നമ്മുടെ ജീവിതത്തിലെ ഏറ്റവും quality time ആയി പ്രാർത്ഥനയെ കാണുവാൻ നാം പഠിക്കേണ്ടതായുണ്ട്. നമ്മുടെ ജീവിതത്തിന്റെ സകല ഭാരത്തേയും വഹിക്കാമെന്നു ഉറപ്പുതന്ന നമ്മുടെ ദൈവംതന്നേ 'കഠിനമായതും അസാദ്ധ്യവുമായ' ഒരു പ്രാർത്ഥന നമ്മിൽനിന്നുണ്ടാകുവാൻ ആഗ്രഹിക്കുമെന്നു കരുതുവാൻ ബുദ്ധിമുട്ടാണ്.

സത്യത്തിൽ പ്രാർത്ഥനയുടെ കാഠിന്യം നാം നിർമ്മിക്കുന്നവയാണ്. പ്രാർത്ഥനയുടെ സമയമോ രീതികളോ ഒകെ ആവാം നമുക്കും ഭാരമായിരിക്കുന്നതു. എന്നാൽ, ദൈവാത്മാവിൽ പ്രാർത്ഥിച്ചാൽ ദൈവം തന്നെ നമ്മെ പ്രാർത്ഥനയിൽ സഹായിക്കുകയും നമ്മുടെ ആത്മ മനുഷ്യനെ ശക്തീകരിക്കുകയും ചെയ്യും.

ദൈവപ്രവർത്തികളുടെ പിന്നിലുള്ള മർമ്മം ഗ്രഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഒരു ആയുധമാണ് പ്രാർത്ഥന.

ദൈവീക നിയോഗങ്ങളെക്കുറിച്ചു നമ്മെ ഗ്രഹിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനായി നിരന്തരമായുള്ള ദൈവീക ബന്ധമാണ് (പ്രാർത്ഥനയിൽ) ആവശ്യം. ദൈവീക നിയോഗങ്ങലെ നമ്മിലേക്ക് കൈമാറുവാൻ ദൈവം ഇപ്പോഴും നമ്മിലേക്ക് ഇറങ്ങിവരികയും നമ്മോടു സംസാരിക്കുകയും ചെയ്യുന്നു.

ഈ ബന്ധവും സംസർഗ്ഗവുമാണ് ദൈവത്തോടുള്ള സ്നേഹമായും ദൈവശക്തിയായും നമ്മിൽ രൂപപ്പെടുന്നത്. മേല്പറഞ്ഞതൊന്നും ഒരു നിമിഷംകൊണ്ട് നമ്മിൽ ലഭിക്കണമെന്നില്ല അതിനാവശ്യമായ വചന ബോധ്യങ്ങളും വെളിപ്പാടുകളും ശരിയായ കൂട്ടായ്മ അനുഭവത്തിലൂടെ ദൈവത്താൽ ലഭിക്കും. ഓർക്കുക, നാം തളരാതെയിരിക്കുവാൻ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതും അതിനായി പ്രയത്നിക്കുന്നതും നമ്മുടെ ദൈവമാണ്. നമ്മുടെ പാപങ്ങളിൽനിന്നും രക്ഷനല്കുവാനായി സ്വന്തം പുത്രനായ യേശുക്രിസ്തുവിനെ നൽകിയ ദൈവം ഇനിയെന്തെങ്കിലും നമുക്കായി നല്കാതിരിക്കുമോ? സകലവും തക്കസമയത്തു നൽകുകതന്നെ ചെയ്യും.

വിശ്വസിക്കുന്നവർ ആത്മാവിൽ ഇഹത്തിലും പരത്തിലും ഒരുപോലെ സന്തോഷിക്കും. കാരണം അവർ അനുഭവിച്ചതും നേടിയതും ക്രിസ്തുവിനെയാണ്.

നമുക്കു പ്രാർത്ഥിക്കാം, നല്ല ദൈവമേ കഴിഞ്ഞനാളുകളിൽ ഞങ്ങളിൽ നിന്ന് നഷ്ടമായതും അനുസരണക്കേടിനാൽ ഞങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞതുമായ സകല ആത്മീയ നന്മകളും കൃപകളും പ്രാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ നടത്തുകയും എന്റെ ആത്മാവിൽ അങ്ങയുടെ തിരുവിഷ്ടം നിറയ്ക്കുകയും ഒരുക്കമുള്ള ഒരു ഹൃദയം എന്നിൽ പണിതെടുക്കുകയും ചെയ്യേണമേ. അങ്ങയുടെ സ്നേഹത്താലും സമാധാനത്താലും എന്റെ ദേഹം ദേഹി ആത്മാവിനെ പരിപാലിക്കേണമേ. ആത്മീയ അനുഭവങ്ങളാൽ എന്റെ ജീവിതം സമ്പന്നമാക്കേണമേ. അങ്ങയുടെ ഏക പുത്രനായ യേശുക്രിസ്തുമുഖാന്തിരം ചോദിക്കുന്നു. ആമേൻ.

-ജിബി തോമസ്

നല്ല രക്ഷകൻ

(സ്തോത്രഗീതം)

ക്രൂശിലേക്കല്ലാതെ ഞാൻ മറ്റെവിടേക്കു നോക്കും ?
യേശുവേ
നിന്റെ രക്തം മാത്രമെൻ ശുദ്ധിയേ
നിൻ കൃപയൊന്നു മാത്രമെൻ വിശ്വാസം
മറ്റെല്ലാം നശ്വരം
എല്ലാം ഒഴുകിപ്പോകും എൻ ആശയും ആഗ്രഹങ്ങളും
എന്നാൽ
നിന്റെമേൽ ചാരി ഞാൻ പ്രത്യാശയോടെ നോക്കിടുന്നു

മാറാത്ത നിൻ സ്നേഹം എന്നെ നിൻ
മാർവ്വോടു ചേർക്കുന്നു
ഭൂതലം മറന്നു നിന്നെ ഘോഷിപ്പാൻ
എന്നെ നിൻ മകനായ് തീർത്താൽ സ്തോത്രം

എൻ പദവികൾ പഴകും
പേരുകൾ പാഴാകും
ബന്ധങ്ങളും പഴിക്കും
സമ്പാദ്യവും പാരിൽ പൂണ്ടുപോകും
എൻ ഭവനവും എന്നെ മറക്കും
ദൈവമേ നിൻ പുത്രനാൽ എന്നെ
നീ സ്നേഹിച്ചതാൽ സ്തോത്രം

എൻ പകയും പിണക്കവും സകല വെറുപ്പും
കുടില തന്ത്രങ്ങളും നിഷ്ഫലം
എൻ നേട്ടങ്ങൾ സർവ്വവും വ്യർത്ഥം
മണ്ണിലുറച്ചുപോയ എൻ കണ്ണിനെ ഉയർത്തി നീ
കാൽവരി ക്രൂശിൽ പുത്രനിലേക്കു ഉയർത്തേണമേ
യേശുവേ , നിന്റെ രക്തം എൻ വൻകടം തീർത്തതാൽ സ്തോത്രം

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ദൈവത്തിലുള്ള നമ്മുടെ ധൈര്യം
പ്രസിദ്ധമാകുന്നത് യേശുവിനെക്കുറിച്ചുള്ള
സുവിശേഷം ഭൂമിയിൽ പ്രസിദ്ധപ്പെടുത്തുമ്പോഴാണ്.

Our confidence in God is proclaimed when the gospel of Jesus is spread across the earth.

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL